ക്ഷണിച്ച് വരുത്തുന്നതാണ്. വികസിത രാജ്യങ്ങളിൽ നിന്ന് ഇന്ത്യ, ചൈന പോലെയുള്ള രാജ്യങ്ങളിലേയ്ക്ക് വർദ്ധിച്ച തോതിൽ ഇവ കയറ്റി അയച്ചുകൊണ്ടിരിക്കുകയാണ്. ബാംഗ്ലൂരിൽ മാത്രം 60,000 ടൺ ഇ-മാലിന്യമാണ് ഓരോ വർഷവും അടിഞ്ഞു കൂടുന്നത്. 1992-ൽ നിലവിൽ വന്ന ബാസൽ കൺവെൻഷൻ ഉടമ്പടി പ്രകാരം ഇ-മാലിന്യങ്ങൾ മറ്റൊരു രാജ്യത്തിലേയ്ക്ക് കയറ്റി അയയ്ക്കാൻ പാടില്ല. എന്നാൽ 159 രാഷ്ട്രങ്ങൾ ഒപ്പിട്ട കരാറിൽ അമേരിക്ക ഒപ്പിടാൻ ഇതുവരെ തയ്യാറായില്ല. 1991-ൽ സ്വിറ്റ്സർലണ്ടിൽ ഇ-മാലിന്യങ്ങൾ സംസ്ക്കരിച്ച് പുതിയ ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന പ്രക്രിയയ്ക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇന്ത്യയിൽ ഒരു സ്ഥലത്തും ഇ-മാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനമില്ല. ഇ-മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുകയാണ്. ഇത് ഗുരുതരമായതും ജീവന് ഭീഷണിയാകുന്നതുമാണ്. അതുകൊണ്ട് ഇ-മാലിന്യങ്ങൾ സംസ്ക്കരിക്കാൻ അടിയന്തിരമായ നടപടി കേരളം കൈക്കൊള്ളണമെന്ന ആവശ്യമാണ് ഞാൻ ഉന്നയിക്കുന്നത്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസ്സും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, കേരളത്തിൽ വർദ്ധിച്ചുവരുന്ന ഇ-വേസ്റ്റ് ഫലപ്രദമായി സംസ്ക്കരിക്കാൻ സംവിധാനം ഉണ്ടാക്കേണ്ടത് ആവശ്യമാണ് എന്നാണ് ശ്രീ. പി. ടി. തോമസ് സബ്മിഷനിലൂടെ ഉന്നയിച്ചിരിക്കുന്നത്. അന്തരീക്ഷ മലിനീകരണത്തിനും ജീവന്റെ നിലനിൽപ്പിനും ഭീഷണിയുയർത്തുന്ന ഇ-വേസ്റ്റ് അപകടരഹിതമായി സംസ്ക്കരിക്കുന്നതിന് വിദേശ രാജ്യങ്ങളിൽ ഇപ്പോൾ സംവിധാനം ഉണ്ടായിട്ടുണ്ട്. അതേ മാതൃകയിൽ കേരളത്തിലും സംവിധാനം ഉണ്ടാക്കണമെന്നാണ് ഗവൺമെന്റ് കരുതുന്നത്. ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന വിവിധ സംഘടനകളുമായും വിദഗ്ദ്ധരുമായും കേരളത്തിലെ പൊല്യൂഷൻ കൺട്രോൾ ബോർഡുമായും സഹകരിച്ച് കേരളത്തിൽ വർദ്ധിച്ചുവരുന്ന ഇ-വേസ്റ്റ് ഫലപ്രദമായി സംസ്ക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

(11) പെരുമാട്ടിയിൽ ആത്മഹത്യ ചെയ്ത വേലായുധൻ കുട്ടിയുടെ കുടുംബത്തെ സഹായിക്കണമെന്ന ആവശ്യം

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പാലക്കാട് ജില്ലയിലെ പെരുമാട്ടി ഗ്രാമപഞ്ചായത്തിൽ താമസിച്ചിരുന്ന വേലായുധൻ കുട്ടി എന്നയാൾ കഴിഞ്ഞ ദിവസം ആത്മഹത്യ ചെയ്തു. അദ്ദേഹം 2003-ൽ ചിറ്റൂരിലെ സൗത്ത് ഇന്ത്യൻ ബാങ്കിൽ നിന്ന് ഒരു ലക്ഷം രൂപ ലോൺ എടുത്തിട്ടുണ്ടായിരുന്നു. പാവപ്പെട്ട പലചരക്ക് കച്ചവടക്കാരനാണ്. ലോൺ സംഖ്യ കൃത്യമായി തിരിച്ചടച്ചു; 85,300 രൂപ. ഈ സമയത്ത് ഇയാളുടെ വീടിനോടനുബന്ധിച്ച് കട തുടങ്ങുന്നതിനുവേണ്ടി പണം ആവശ്യപ്പെട്ട് ബാങ്കിനെ സമീപിച്ചപ്പോൾ നിലവിലുള്ള ലോണിന്റെ ബാക്കി സംഖ്യ അടച്ചാൽ പുതിയ ലോൺ കൊടുക്കാമെന്നു പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ ശേഷിക്കുന്ന പൈസ മുഴുവൻ കൃത്യമായി ബാങ്കിൽ അടച്ചു. 1,32,419 രൂപ ആ ലോണിന്റെ ഭാഗമായി തിരിച്ചടച്ചു. ഇതിനുശേഷം ലോൺ കൊടുക്കുമെന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞ ബാങ്ക് അധികാരികൾ ലോൺ കൊടുക്കാതെ ഇദ്ദേഹത്തെ വഞ്ചിക്കുന്ന ഒരു സ്ഥിതിവിശേഷമാണ് ഉണ്ടായത്. ലോൺ തിരിച്ച് അടയ്ക്കുന്നതിനുവേണ്ടി പല ആളുകളിൽ നിന്നും തൽക്കാലം കടം വാങ്ങിയിട്ടാണ് പണം തിരിച്ചടച്ചത്. പിന്നെ അവരെ അഭിമുഖീകരിക്കാനുള്ള വിഷമം കൊണ്ട് വേലായുധൻ കുട്ടി ആത്മഹത്യ ചെയ്യുകയുണ്ടായി. വളരെ പാവപ്പെട്ട നിർദ്ധനനായ ഇദ്ദേഹത്തിന്റെ കുടുംബത്തെ സഹായിക്കാൻ ആവശ്യമായിട്ടുള്ള ഒരു സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഭാര്യയും രണ്ട് പെൺകുട്ടികളും ഒരു ആൺകുട്ടിയും അടങ്ങുന്നതാണ് അദ്ദേഹത്തിന്റെ കുടുംബം. അവരെ സഹായിക്കുന്നതിന് ആവശ്യമായിട്ടുള്ള സമീപനം ഉണ്ടാകണം. അതോടൊപ്പംതന്നെ ഇങ്ങനെ പറഞ്ഞു പറ്റിച്ച, വഞ്ചിച്ച ബാങ്കിന്റെ ഉത്തരവാദപ്പെട്ട ആളുകൾക്കെതിരെ കർശനമായി കേസ് എടുക്കുന്നതിന് ആവശ്യമായ നടപടികൾ ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. വക്കം പുരുഷോത്തമൻ): സർ, പരേതന് ഭാര്യയും രണ്ട് പെൺമക്കളും ഒരു മകനും ഉണ്ട്. മക്കളെല്ലാം വിദ്യാർത്ഥികളാണ്. വേലായുധൻ കുട്ടി വായ്പയ്ക്ക് നൽകിയ അപേക്ഷയെ സംബന്ധിച്ചോ മുൻ വായ്പയെ സംബന്ധിച്ചോ യാതൊരു വിവരവും രേഖകളും നൽകാൻ ബാങ്ക് അധികൃതർ തയ്യാറല്ലെന്നാണ് തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഏതായാലും അതിനെക്കുറിച്ച് കൂടുതലായി ഗവൺമെന്റ് അന്വേഷിക്കുന്നതാണ്. ഇദ്ദേഹത്തിന് ഏതാണ്ട് ഒരു ഏക്കർ 20 സെന്റ് സ്ഥലമുണ്ട്.

(12) താന്നിപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം

ശ്രീ. എ. എ. അസീസ്: സർ, മയ്യനാട് ഗ്രാമ പഞ്ചായത്തും കൊല്ലം കോർപ്പറേഷനുമായി ബന്ധിപ്പിക്കുന്ന താന്നിപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന് 1986-ൽ തുടക്കമിട്ടതാണ്. കരാറുകാരന്റെ വീഴ്ചമൂലം പല പ്രാവശ്യം പ്രവർത്തനം നിർത്തലാക്കിയിരുന്നു. ഇക്കാരണത്താൽ ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ 5-4-2002-ൽ കരാർ റദ്ദാക്കുകയും 25-10-2002-ൽ റി-ടെന്റർ ചെയ്യുകയും ചെയ്തപ്പോൾ കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിവഴി സ്റ്റേ വാങ്ങി. സ്റ്റേ വെക്കേറ്റു ചെയ്യുവാൻ ഗവൺമെന്റ് 10-11-2004-വരെ കാത്തിരിക്കേണ്ടി വന്നു. അതിനുശേഷം വീണ്ടും റി-ടെന്റർ ചെയ്തപ്പോൾ ഒരു കരാറുകാരൻ മാത്രം പങ്കെടുക്കുകയും 315 ശതമാനം കാട്ട് ചെയ്യുകയും ചെയ്തു. ഇത് ക്യാൻസൽ ചെയ്തുകൊണ്ട് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നെഗോഷ്യേറ്റു ചെയ്ത് 240 ശതമാനം വർദ്ധിച്ച നിരക്കിൽ ഒരു കരാറുകാരനെ കണ്ടെത്തിയെങ്കിലും ധനകാര്യ വകുപ്പിൽനിന്നും അനുമതി ലഭിക്കാതിരുന്നതിനാൽ പണി ആരംഭിക്കുവാൻ കഴിഞ്ഞില്ല. ഈ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും 10-8-2005-ൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വീണ്ടും കോൺഫറൻസ് നടത്തി തീരുമാനമെടുക്കുകയും ചെയ്തുവെങ്കിലും ആ

LIBRARY ARCHIVES Kerala Legislative Assembly